"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – കേരള സംസ്ഥാന സഹകരണ ബാങ്കിന് ധനസഹായം അനുവദിയ്ക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി)വകുപ്പ്**

സ.ഉ.(സാധാ) നം.349/2025/Co-Op തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:-

1. 13/05/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ നടപടിക്രമം
2. സഹകരണ സംഘം രജിസ്ട്രാറുടെ 03/07/2025ലെ പി&എം എ(5) 5589/2025 നം. കത്ത്
3. ഇ.അനുമതി നം. AS/COP/25/44042

**<u>ഉത്തരവ്</u>**

സഹകരണ വായ്പഘടന പുനഃസംഘടിപ്പിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികവും സാങ്കേതികവുമായി കേരള സംസ്ഥാന സഹകരണ ബാങ്കിനെ (കേരള ബാങ്ക്) ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾക്കായി, "കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ രൂപീകരണത്തിനും മറ്റുമുള്ള സഹായം പദ്ധതി" ക്കായി 2025-2026 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 100 ലക്ഷം രൂപ വകയിരുത്തുകയും പ്രസ്തുത തുക അനുവദിക്കുന്നതിലേയ്ക്കായി സഹകരണ സംഘം രജിസ്ട്രാർ സമർപ്പിച്ച പ്രപ്പോസൽ പരാമർശം (1) ലെ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച പ്രസ്തുത 100.00 ലക്ഷം രൂപ (നൂറ് ലക്ഷം രൂപ മാത്രം) 2025-2026 സാമ്പത്തികവർഷത്തിൽ 4425-108-25-34-3 ഓഹരി ശീർഷകത്തിൽ നിന്നും അനുവദിച്ച് നൽകുന്നതിന് ഭരണാനുമതി, റിലീസ് ഉത്തരവുകൾ നൽകണമെന്ന് പരാമർശം (2) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അഭ്യർത്ഥിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സഹകരണ സംഘം രജിസ്ട്രാറുടെ ശിപാർശയുടെയും 13/05/2025 ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, "കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ രൂപീകരണത്തിനും മറ്റുമുള്ള സഹായം പദ്ധതിയ്ക്കായി" 100.00 ലക്ഷം രൂപ (നൂറ് ലക്ഷം രൂപ മാത്രം) 2025-26 സാമ്പത്തികവർഷത്തിൽ 4425-108-25-34-3 ഓഹരി ശീർഷകത്തിൽ നിന്നും അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജി ഫിലിപ്പ്
അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

സി.ഇ.ഒ., കേരള സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി3/151/2025/സഹ)

ഉത്തരവിൻ പ്രകാരം,

Signed by
Priyanka T V
Date: 21-07-2025 11:44:15
സെക്ഷൻ ഓഫീസർ.

പകർപ്പ്:-

ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.

സഹകരണ വകുപ്പ് അഡിഷണൽ സെക്രട്ടറിയുടെ സി.എ.